**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5504** **15-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾവാഹനങ്ങളുടെ കാര്യക്ഷമതയും സുരക്ഷയും.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഉറപ്പു വരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ-എയ്ഡഡ് സ്കൂളുകൾ സ്വന്തമായി വാങ്ങിയ പല വാഹനങ്ങളും കാലപ്പഴക്കത്താൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്തെ എത്ര സർക്കാർ-എയ്ഡഡ് സ്കൂളുകൾക്കാണ് നിലവിൽ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിനായി വാഹനസൗകര്യമുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വാഹനങ്ങളെല്ലാം നിലവിൽ ഗതാഗതയോഗ്യമാണോ എന്ന് ഉറപ്പാക്കാൻ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതിലെത്ര വാഹനങ്ങൾ ഗതാഗത യോഗ്യമല്ലാത്തതായി കണ്ടെത്തുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകൾക്ക് ഗതാഗത യോഗ്യമായ ഏകദേശം 4810 വാഹനങ്ങളും ഗതാഗത യോഗ്യമല്ലാത്തതായി 152 വാഹനങ്ങളുമുണ്ട്. എല്ലാ അദ്ധ്യായന വർഷവും ആരംഭിക്കുന്നതിന് മുമ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കൂടാതെ ഫിറ്റ്നസ് ടെസ്റ്റിന് ഹാജരാക്കുന്ന സമയത്ത് വാഹനങ്ങൾ പരിശോധിച്ച് കാലപ്പഴക്കത്താൽ ഉപയോഗിക്കാൻ കഴിയാത്തവയ്ക്ക് ഫിറ്റ്നസ് പുതുക്കി നല്കാതിരിക്കുന്നുമുണ്ട്. |
| (സി) | ഗതാഗതയോഗ്യമല്ലാത്ത സ്കൂൾ വാഹനങ്ങൾ സ്കൂളുകളിൽ നിന്ന് ഒഴിവാക്കുന്നതിനായി എന്ത് നടപടിയാണ് സർക്കാരിന് സ്വീകരിക്കാൻ കഴിയുക എന്ന് വിശദീകരിക്കാമോ? | (സി) | MLA fund മുഖേനയും PTA/ School fund/ CSR fund എന്നിവ ഉപയോഗിച്ചും വാഹനങ്ങൾ വാങ്ങാൻ കഴിയും. പഴക്കം ചെന്ന വാഹനങ്ങൾ പൊളിക്കാനുള്ള നയം കേന്ദ്രസർക്കാരാണ് പ്രഖ്യാപിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ